(ബി) ഈ ലിസ്റ്റിൽനിന്ന് എത്ര പേർക്കാണ് നാളിതുവരെ നിയമനം നൽകിയിട്ടുള്ളത് ;

(സി) പ്രസ്തുത തസ്തിക പ്രകാരം പാലക്കാട് ജില്ലയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഒഴിവുള്ള മുഴുവൻ തസ്തികയിലേക്കും ഈ ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 11-9-2002-ൽ നിലവിൽ വന്നു.

(ബി) 145 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) 47 ഒഴിവുകൾ ഉണ്ട്.

(ഡി) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരെ പൊതുജനാരോഗ്യ പരിപാടിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് സംയോജിപ്പിക്കേണ്ടതായിട്ടുള്ളതിനാൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ർ തസ്തികയിലെ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയില്ല.

**ഹോം നഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സ്**

**151 (4586)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗവൺമെന്റ് ഹോമിയോ നേഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സ് നടത്തുന്നതിനുള്ള തീരുമാനമെടുത്തിരുന്നുവോ ;

(ബി) എങ്കിൽ ഇതിന്റെ അപേക്ഷ എപ്പോൾ സ്വീകരിച്ചുവെന്നും ഇതിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത നടപടിക്രമങ്ങളുടെ ഭാഗമായി സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ജില്ല തിരിച്ചുള്ള പേര് വിവരം വ്യക്തമാക്കാമോ ;

(ഡി) ഈ കോഴ്സിന്റെ പ്രസിദ്ധീകരിച്ച നിലവിലുള്ള ലിസ്റ്റിലുള്ള വിദ്യാർത്ഥികൾക്ക് ക്ലാസ് നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തീരുമാനമെടുത്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 26-8-2000-ലെ വിജ്ഞാപനമനുസരിച്ചാണ് 2000-01-ലെ നഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സിനുള്ള അപേക്ഷ ക്ഷണിച്ചത്. അപേക്ഷ സ്വീകരിക്കുന്നതിനുള്ള സമയപരിധി 20-11-2000 വരെയായിരുന്നു. 9-5-2001-ലെ കേന്ദ്ര ഹോമിയോപ്പതി കൗൺസിലിന്റെ 12-3-1989 സി.സി.എച്ച്. (പി.ടി.) 3127 നമ്പർ കത്തിൽ എൻ.സി.പി.(ഹോമിയോ) കോഴ്സ് നടത്തണമെങ്കിൽ, ഇതിനായി പ്രത്യേക അടിസ്ഥാന സൗകര്യങ്ങളും സ്വതന്ത്രമായ ടീച്ചിംഗ് ഫാക്കൽറ്റിയും വേണമെന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് വിലക്കും വ്യയനിയന്ത്രണ ഉത്തരവും നിലവിലുള്ളതിനാൽ ഈ കോഴ്സിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ടീച്ചിംഗ് ഫാക്കൽട്ടിയും ഇതുവരെ അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കോഴ്സ് ഇതുവരെയും ആരംഭിച്ചിട്ടില്ല.

(സി)

| ക്രമ നമ്പർ | ജില്ല | മെരിറ്റ് ലിസ്റ്റ് | വെയിറ്റിംഗ് ലിസ്റ്റ് |
|---|---|---|---|
| 1 | തിരുവനന്തപുരം | 6 | 19 |
| 2 | കൊല്ലം | 6 | 19 |
| 3 | പത്തനതിട്ട | 4 | 12 |
| 4 | ആലപ്പുഴ | 6 | 19 |
| 5 | കോട്ടയം | 5 | 15 |
| 6 | ഇടുക്കി | 4 | 12 |
| 7 | എറണാകുളം | 6 | 18 |
| 8 | തൃശ്ശൂർ | 6 | 18 |
| 9 | പാലക്കാട് | 4 | 15 |
| 10 | മലപ്പുറം | 6 | 19 |
| 11 | കോഴിക്കോട് | 6 | 18 |
| 12 | വയനാട് | 4 | 12 |
| 13 | കണ്ണൂർ | 5 | 15 |
| 14 | കാസർഗോഡ് | 4 | 12 |
| | സംവരണ വിഭാഗം | | |
| 1 | ഈഴവ | 9 | 27 |
| 2 | മുസ്ലീം | 8 | 24 |
| 3 | എൽ.സി. | 2 | 6 |
| 4 | ഒ.ബി.എക്സ്. | 2 | 7 |
| 5 | ഒ.ബി.എച്ച്. | 5 | 15 |
| 6 | എസ്.സി. | 10 | 30 |
| 7 | എസ്.ടി. | 2 | .. |

LIBRARY ARCHIVES Kerala Legislative Assembly

ഇത് കൂടാതെ 10 സീറ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്ക് സംവരണം ചെയ്തിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ഹോമിയോ വകുപ്പിൽ മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകളിൽ നോൺ കേഡർ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുവാൻ നടപടി**

**152 (4587)** ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോ വകുപ്പിൽ എത്ര മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് ദിവസക്കൂലി ഇനത്തിൽ എത്ര ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട് ;

(സി) ഇത്തരം ഒഴിവുകളിലേക്ക് നോൺ-കേഡർ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുവാൻ വ്യവസ്ഥയുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(ഡി) മെഡിക്കൽ ഓഫീസർമാർ ഇല്ലാത്ത ഡിസ്പെൻസറികളിൽ നോൺ-കേഡർ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 71 ഒഴിവുകൾ

(ബി) 17 പേരെ

(സി&ഡി) ഇല്ല. നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് ഹോമിയോപ്പതി വകുപ്പിലെ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് തസ്തിക മാറ്റം വഴിയുള്ള നിയമനം നടത്തുന്നത് പി.എസ്.സി. മുഖേനയാണ്.

**സംസ്ഥാന ഹോമിയോപ്പതിക്ക് സഹകരണ ഫാർമസി ജീവനക്കാരുടെ ശമ്പള പരിഷ്കരണ കരാറിന് അംഗീകാരം നൽകുവാൻ നടപടി**

**153 (4588)** ശ്രീ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ പാതിരാപ്പള്ളിയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസിയിൽ ഓരോ വിഭാഗത്തിലുമായി ആകെ എത്ര ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 1999-ൽ ഒപ്പുവച്ച ജീവനക്കാരുടെ ശമ്പളപരിഷ്കരണ കരാറിന് നാളിതുവരെ അംഗീകാരം നൽകാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly